# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4</u> <u>10.06.2013 ൽ മറുപടിയ്ക്ക്</u>

<u>ജനസമ്പർക്ക പരിപാടിയുടെ പ്രവർത്തനം വിലയിരുത്തൽ</u>

| <u>ചോദ്യം</u><br>ശ്രീ. വർക്കല കഹാർ<br>'' ഹൈബി ഈഡൻ<br>" എ.റ്റി.ജോർജ്<br>" എ.പി.അബ്ദുള്ളക്കുട്ടി | <u>മറുപടി</u><br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ജനസമ്പർക്ക പരിപാടിയുടെ ആദ്യഘട്ടത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) വിലയിരുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ വിലയിരുത്തൽ ജില്ലാ തലത്തിൽ വളരെ കാര്യക്ഷമതയോടെ ചെയ്തു വരുന്നു. മുഖ്യമന്ത്രിയും ജില്ലാ കളക്ടർമാരും അവലോകനം നടത്തിയിട്ടുണ്ട്. ജന സമ്പർക്ക പരിപാടിയുടെ പുരോഗതി വിലയിരുത്തി മാസാന്ത്യ പുരോഗതി റിപ്പോർട്ട് സമർപ്പിക്കുവാൻ എല്ലാ ജില്ലാതല ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തിലെ പൗരൻമാർക്ക് അടിയന്തിര ആശ്വാസം നൽകുവാനും ആയിരക്കണക്കിന് ആളുകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാനും ഈ പരിപാടി എത്രമാത്രം സഹായിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) ജനസമ്പർക്ക പരിപാടിയിലൂടെ പൊതുജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും സമയബന്ധിതമായി വളരെയധികം പരാതികൾ തീർപ്പാക്കുന്നതിനും കഴിഞ്ഞു. ഇതിലൂടെ സംസ്ഥാനത്ത് ഒട്ടാകെ 5,50,001 പരാതികൾ ലഭിച്ചതിൽ 22.05.2013 വരെ 4 ലക്ഷത്തിൽ പരം പരാതികൾ തീർപ്പാക്കിയിട്ടുണ്ട്. ജനങ്ങൾക്കിടയിലേക്ക് ചെന്ന് ജനങ്ങളുടെ പരാതികളും, ആവലാതികളും, ആവശ്യങ്ങളും നേരിട്ട് കേട്ട് |

..../2

| | |
|---|---|
| | പരിഹാരം കണ്ടെത്തി ഭരണ നടപടികൾ കൂടുതൽ ജനകീയവും സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഈ പരിപാടി കൊണ്ട് കഴിഞ്ഞു. ജനസമ്പർക്ക പരിപാടിയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം, വികലാംഗർക്കുള്ള ചലനോപാധികളും പെൻഷനും, സാമൂഹ്യപെൻഷനുകൾ ഇലക്ട്രിക്ക് കണക്ഷൻ, വാട്ടർ കണക്ഷൻ, കുടിവെള്ള പദ്ധതികൾക്കുള്ള അനുവാദം, തുടങ്ങിയ വിഷയങ്ങളിൽ നിയമവും ചട്ടവും അനുവദിക്കും പ്രകാരമുള്ള സത്വര തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ജന സമ്പർക്ക പരിപാടിയിൽ വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമാക്കിയതു വഴി നടപടികളിൽ കാലതാമസം ഒഴിവാക്കി ജില്ലാ തലത്തിൽ തീരുമാനമാകാത്ത വിഷയങ്ങൾ അടിയന്തിരമായി സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ കഴിഞ്ഞു. |
| (സി) ഈ പരിപാടിയിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളുവാനും അതിനെ വിശകലനം ചെയ്തു കൊണ്ട് ചിട്ടയുള്ളതും ശാശ്വതവുമായ പരിഹാര മാർഗ്ഗങ്ങൾ സർക്കാരിന്റെ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ? | (സി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ വിലയിരുത്തൽ ജില്ലാ തലത്തിൽ വളരെ കാര്യക്ഷമതയോടെ ചെയ്തു വരുന്നു. മുഖ്യമന്ത്രിയും ജില്ലാ കളക്ടർമാരും അവലോകനം നടത്തിയിട്ടുണ്ട്. ഈ വിലയിരുത്തലുകളിൽ, ലഭിച്ച പരാതികളിൽ പരിഹാരം കാണുന്നതിന് ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. |

Kunalakumh

സെക്ഷൻ ഓഫീസർ